# ഇംഗ്ലീഷ് ഭാഷയിൽ ഒരക്ഷരം കുറയുന്നു

യൂറോപ്യൻ രാഷ്ട്രങ്ങളുടെ പൊതു നാണയമായി യൂറോ അംഗീകരിച്ചതിനുശേഷം ഒരു പൊതുഭാഷ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. യൂറോപ്പിൽപ്പെട്ട എല്ലാ രാഷ്ട്രങ്ങളുടെയും ഭാഷ ഒരേ ലിപി ഉപയോഗിച്ച് എഴുതാൻ പറ്റിയ വിധത്തിൽ ഒരു പൊതുലിപി സ്വീകരിക്കുക എന്നതാണു ഉദ്ദേശ്യം. ജർമ്മൻ ഇംഗ്ലീഷ് ലിപി വേണോ എന്നതായിരുന്നു അവസാനഘട്ടത്തിലെ സംശയം. അവസാനം, ഇംഗ്ലീഷ് ലിപി സ്വീകരിക്കാമെന്നു തീരുമാനിച്ചിരിക്കുകയാണ്.

പക്ഷേ, ഇംഗ്ലീഷിനെ ചില മാറ്റങ്ങൾ വരുത്തി യൂറോ - ഇംഗ്ലീഷ് ആക്കിയാണ് ഉപയോഗിക്കുക. ഉദാഹരണത്തിന് ഇംഗ്ലീഷിലെ മൂന്നാമത്തെ അക്ഷരമായ C യൂറോ - ഇംഗ്ലീഷിലുണ്ടാവില്ല. സി ഉപയോഗിക്കുന്നിടത്തെല്ലാം ഒന്നുകിൽ 'S' അല്ലെങ്കിൽ 'K' ഉപയോഗിച്ച് കാര്യം നടത്തണമെന്നിരിക്കെ 'C' ആവശ്യമാണെന്നാണ് യൂറോപ്യന്മാരുടെ നിലപാട്.

അതായത് Civil, Cement, Cinema തുടങ്ങി 'C' ക്ക് സ് എന്നുച്ചാരണം വരുന്ന വാക്കുകളിൽ 'C' യുടെ സ്ഥാനത്ത് 'S' പ്രയോഗിക്കാം. Crime, Cup, Coma തുടങ്ങി 'C' ക്ക് ക് എന്നുച്ചാരണം വരുന്നിടത്തൊക്കെ 'C' യുടെ സ്ഥാനത്ത് K പ്രയോഗിക്കാം sivil, semut, sinema, krime, kup, koma എന്നിങ്ങനെ.

അങ്ങിനെ യൂറോ- ഇംഗ്ലീഷിൽ 25 അക്ഷരങ്ങളേ ഉണ്ടാവൂ എന്നർത്ഥം.

ഇംഗ്ലീഷ് അക്ഷരമാലയിൽ എത്ര അക്ഷരങ്ങളുണ്ട് എന്ന് പറയുമ്പോൾ, ഇനി ഒന്നാലോചിക്കണേ കൂട്ടുകാരേ.